# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 309

13-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം ഇ.പി.സി. ടെണ്ടർ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എം. ആരിഫ് | : | ശ്രീ. കെ.ബാബു |
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | : | (മത്സ്യബന്ധനവും തുറമുഖവും |
| ശ്രീ. കെ.കെ.നാരായണൻ | : | എക്സൈസും വകുപ്പു മന്ത്രി) |
| ശ്രീ. ആർ.രാജേഷ് | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇ.പി.സി. ടെണ്ടർ ക്ഷണിച്ച തിനുശേഷം ആർ.എഫ്.ക്യു (Request for Qualification) യിൽ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ട്; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇ.പി.സി ടെണ്ടർ വിളിച്ചതിനുശേഷം ഇ.പി.സി ടെണ്ടറിന്റെ ആർ.എഫ്.ക്യു വിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br>Addendum 1 : ആർ.എഫ്.ക്യു ആപ്ലിക്കേഷൻ ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച്.<br>Addendum 2 : ബ്രേക്ക് വാട്ടറിന്റെയും ബെർത്തിന്റെയും നിർമ്മാണത്തിനായുള്ള ഇ.പി.സി കരാറിലെ ആർ.എഫ്.ക്യു. തീയതികളിൽ വന്ന മാറ്റം.<br>Addendum 3 : സാങ്കേതിക യോഗ്യതയിൽ പദ്ധതിയ്ക്ക് യോജ്യമായ മാറ്റങ്ങൾ വരുത്തി.<br>Addendum 4 : കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള പാരിസ്ഥിതികാനുമതി ലഭ്യമായതു സംബന്ധിച്ച്.<br>Addendum 5-15 : ബ്രേക്ക് വാട്ടറിന്റെയും ബെർത്തിന്റെയും നിർമ്മാണത്തിനായുള്ള ഇ.പി.സി കരാറിലെ ആർ.എഫ്.ക്യു. തീയതികളിൽ വന്ന മാറ്റങ്ങൾ. |
| (ബി) ഓരോ ഘട്ടത്തിലും വരുത്തിയ മാറ്റങ്ങളും അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ; ആരുടെ ആവശ്യപ്രകാരമായിരുന്നു ഈ മാറ്റങ്ങൾ എന്നറിയിക്കുമോ; | (ബി) ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായാണ് വിവിധ ഘട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തിയത്. ആരുടെയും ആവശ്യപ്രകാരമല്ല ഈ മാറ്റങ്ങൾ വരുത്തിയത്. |

(സി) ലീസ് എഗ്രിമെന്റിനു പകരം ലൈസൻസ് എഗ്രിമെന്റ് മതി എന്ന് തീരുമാനിച്ചത് ആരുടെ ശിപാർശയിൻമേലാണ് ;
എപ്പോഴായിരുന്നു ;
ലൈസൻസ് എഗ്രിമെന്റ് വഴി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ;
വിശദമാക്കാമോ ;

(സി) 2010 ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച ലോക ബാങ്കിന്റെ സ്വകാര്യ മേഖലാ വിഭാഗമായ ഐ.എഫ്.സി തയ്യാറാക്കിയ കരടു കൺസഷൻ കരാറിൽ നടത്തിപ്പുകാരന് ലീസ് എഗ്രിമെന്റ് ആയി നല്കുവാനായിരുന്നു തീരുമാനം. പിന്നീട് 2013 ലെ ടെണ്ടറിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ പ്ലാനിംഗ് കമ്മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാ കൺസഷൻ കരാർ അനുസരിച്ചാണ് ടെണ്ടർ വിളിച്ചത്. കേന്ദ്ര സർക്കാരിന്റെ മാതൃകാ കൺസഷൻ കരാർ പ്രകാരം നടത്തിപ്പുകാരന് ലൈസൻസായി നല്കാനുള്ള വ്യവസ്ഥയാണുള്ളത്. കരട് കൺസഷൻ കരാർ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഒരു ലീസ് എഗ്രിമെന്റിൽ കരാറുകാരന് ലഭിക്കാവുന്നതിനേക്കാൾ കരാർ സംബന്ധിച്ചും ഭൂമി സംബന്ധിച്ചും കുറഞ്ഞ അവകാശങ്ങളും അധികാരങ്ങളും മാത്രമാണ് ലൈസൻസ് എഗ്രിമെന്റിൽ കരാറുകാരന് ലഭിക്കുക. പദ്ധതി കാലയളവ് തീരുമ്പോഴോ അല്ലെങ്കിൽ കരാർ ലംഘനംമൂലം അവസാനിപ്പിക്കുമ്പോഴോ സംസ്ഥാന സർക്കാരിന് പദ്ധതിയും ഭൂമിയും തിരിച്ചേറ്റെടുക്കുന്നത് കൂടുതൽ എളുപ്പത്തോടെ ചെയ്യാൻ ലൈസൻസ് എഗ്രിമെന്റ് പ്രകാരം സാധിക്കും.

(ഡി) ലൈസൻസ് എഗ്രിമെന്റ് കാലാവധി തീരുന്നത് ഏത് തീയതിയിലായിരിക്കും ; അന്നുമുതൽ പദ്ധതി നടത്തിപ്പ് പൂർണ്ണമായും സംസ്ഥാനത്തിനു നിക്ഷിപ്തമാകുമോ ; അതു സംബന്ധമായ കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ;

(ഡി) കരാർ പ്രകാരം ലൈസൻസ് എഗ്രിമെന്റ് കാലാവധി നാല്പതു വർഷത്തേയ്ക്കാണ്. ഇതിൽ നാലു വർഷത്തെ നിർമ്മാണ കാലയളവും ഉൾപ്പെടും. പങ്കാളി സ്വന്തം മുതൽ മുടക്കിൽ തുടർഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ മാത്രം പദ്ധതി കാലാവധി ഇരുപത് വർഷത്തേയ്ക്ക് നീട്ടിക്കൊടുക്കാവുന്നതാണ്. കാലാവധി തീരുന്ന മുറയ്ക്ക് തുറമുഖവും നടത്തിപ്പും പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാകും.

സെക്ഷൻ ഓഫീസർ